പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ :160

03.10.2016 ൽ
മറുപടിക്ക്

**<u>പോലീസ് സേനയുടെ നവീകരണം</u>**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഐ.ബി. സതീഷ്**<br>**,, ജെയിംസ് മാത്യൂ**<br>**,, മുരളി പെരുനെല്ലി**<br>**,, പി.കെ.ശശി** | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസ് സേനയുടെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിനായി ഫർണിച്ചറുകൾ, ഉപകരണങ്ങൾ, സോഫ്റ്റ് വെയറുകൾ, ജനറേറ്ററുകൾ, വാഹനങ്ങൾ, ക്രമസമാധാന പരിപാലന ഉപകരണങ്ങൾ, കുറ്റാന്വേഷണ സംവിധാന സഹായി ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും പോലീസ് സ്റ്റേഷനുകളിലെ സ്ഥല സൗകര്യം വർദ്ധിപ്പിക്കുന്നതിനും ജില്ലാ കൺട്രോൾ റൂമുകളുടെ നിർമ്മാണത്തിനും ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വിപുലപ്പെടുത്തുന്നതിനും സൈബർ കുറ്റാന്വേഷണ നവീകരണത്തിനും ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ നവീകരണത്തിനും സംസ്ഥാന പദ്ധതിയിനത്തിൽ ആവശ്യമായ തുക നീക്കിവെച്ചിട്ടുണ്ട്.<br><br>സ്ത്രീ സുരക്ഷയെ മുൻനിർത്തി ഈ സർക്കാരിന്റെ കാലത്ത് പോലീസ് വകുപ്പിൽ ആവിഷ്കരിച്ച പിങ്ക് പോലീസ് പട്രോൾ കൺട്രോൾ റൂം എന്ന സംവിധാനം നിലവിൽ നടപ്പിലാക്കി പ്രവർത്തിച്ചു വരുന്നു.<br><br>കേന്ദ്ര സഹായത്തോടുകൂടി നടപ്പിൽ വരുത്തുന്ന പദ്ധതിയിൽ വാഹനങ്ങൾ വാങ്ങുന്നതിനും ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങുന്നതിനും |

പോലീസ് കമാൻഡോ വിംഗിന് വേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനും ബോംബ് ഡിസ് പോസൽ സ്ക്വാഡിന് ഉപകരണങ്ങൾ വാങ്ങുന്നതിനും ഫോറൻസിക് സയൻസ് ലാബുകളുടെയും, ഫിംഗർ പ്രിന്റ് ബ്യൂറോയുടെയും നവീകരണത്തിനും സൈബർ കുറ്റാന്വേഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും പരിശീലന സംവിധാനങ്ങളുടെ നവീകരണത്തിനും ആവശ്യമായ തുക നീക്കി വെച്ചിട്ടുണ്ട്.

പോലീസ് സേനയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | നിയമം നടപ്പിലാക്കുന്നതിലുള്ള കാർക്കശ്യം നിലനിർത്തിക്കൊണ്ടു തന്നെ ജനസൗഹൃദ പെരുമാറ്റം ഉറപ്പാക്കാൻ സാധ്യമാണോ; | (ബി) | സാധ്യമാണ്. |
| (സ) | അനാവശ്യ ബലപ്രയോഗവും കാടത്തം നിറഞ്ഞ പെരുമാറ്റവും വെച്ചു പുലർത്തുന്ന ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്താൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പോലീസ് സേനയ്ക്ക് കളങ്കം ഉണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ